## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3342

21.12.2012 ലെ
മറുപടിയ്ക്ക്

### മൈനോറിറ്റി യൂത്ത് കോച്ചിംഗ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മൈനോറിറ്റി യൂത്ത് കോച്ചിംഗ് സെന്ററുകൾ ഉള്ളത്; | (എ) | തിരുവനന്തപുരം, കരുനാഗപ്പള്ളി, കാഞ്ഞിരപ്പള്ളി, ആലുവ, വേങ്ങര, പൊന്നാനി, കോഴിക്കോട്, പയ്യന്നൂർ, കാസർ ഗോഡ്. |
| (ബി) പ്രസ്തുത സെന്ററുകളിലെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കുമോ;<br>(സി) വിവിധ സെന്ററുകളിൽ എന്തെല്ലാം വ്യവസ്ഥകളിലാണ് ശമ്പളം നൽകുന്നത് എന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | കോച്ചിംഗ് സെന്ററുകളിലെ പ്രിൻസിപ്പൽമാർക്ക് സമാഹൃത വേതനമായി പ്രതിമാസം 25000/- രൂപയും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർക്ക് മണിക്കൂറിൽ 300/- രൂപയും (പരമാവധി പ്രതിമാസം പതിനായിരം രൂപ) നൽകി വരുന്നു. ക്ലാർക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ എന്നീ തസ്തികകളിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടക്കുന്ന മുറയ്ക്ക് നിജപ്പെടുത്തിയ സ്കെയിലിൽ ശമ്പളം നൽകുന്നു. |
| (ഡി) നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുകയും മുഴുവൻ സ്റ്റാഫും ഉള്ള പൊന്നാനിയിലെ സ്ഥാപനത്തിലേക്ക് വീണ്ടും ജീവനക്കാരെ നിയമിക്കുന്നതിന് ഇന്റർവ്യൂ നടന്നിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ നിലവിലുള്ള ജീവനക്കാരെ മാറ്റുന്നതിനുള്ള കാരണം വിശദമാക്കുമോ; | (ഡി) | നിലവിലുള്ള ജീവനക്കാരുടെ കരാർ കാലാവധി അവസാനിച്ചതുമൂലമാണ് പുതിയ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചതും ഇന്റർവ്യൂ നടത്തിയിട്ടുള്ളതും. |
| (ഇ) സെന്റർ അടച്ചുപൂട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായാണോ ഇത്തരം നടപടികൾ എന്ന് വിശദമാക്കുമോ? | (ഇ) | അല്ല. |

സെക്ഷൻ ഓഫീസർ